## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3847 15.03.2017- ൽ മറുപടിക്ക്**

## "ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ"

**ചോദ്യം** **ഉത്തരം**

**ശ്രീ.പി.കെ.ബഷീർ**
**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**
**,, പി.കെ.കുഞ്ഞാലിക്കുട്ടി**
**,, പാറക്കൽ അബ്ദുല്ല**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | എ) | ഉണ്ട്. സ്ഥലത്തിന്റെ അപര്യാപ്തത ലൈസൻസുകളും ക്ലിയറൻസുകളും കൊടുക്കുന്നതിലുള്ള കാലതാമസം, സമയ ബന്ധിതമായി വായ്പ ലഭ്യമാകുന്നതിനുള്ള കാലതാമസം, ശരിയായ സംരംഭകത്വത്തിന്റെ അപര്യാപ്തത തുടങ്ങിയവയാണ് പ്രധാന പ്രശ്നങ്ങളായി കണ്ടെത്തിയത്. മൾട്ടിസ്റ്റോറേഡ് കോംപ്ലക്സുകൾ സ്ഥാപിക്കുക, ഏകജാലക സംവിധാനം വഴി സമയബന്ധിതമായി ലൈസൻസുകൾ ലഭ്യമാക്കുക, വായ്പ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ആശയവിനിമയം വർദ്ധിപ്പിക്കുക, സംരംഭകത്വം വികസിപ്പിക്കുന്നതിനുള്ള ട്രയിനിംഗുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുക തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ശുദ്ധജലം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവ കേരളത്തിന്റെ വ്യവസായ വത്ക്കരണത്തിനുള്ള സാദ്ധ്യതകൾ ആണ്. |
| ബി) | ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) | സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ ഡി ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**